LIBRARY ARCHIVES Kerala Legislative Assembly

മണ്ഡരി പ്രതിരോധ മാർഗ്ഗങ്ങൾ

67 [3414] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തെങ്ങിന് മണ്ഡരിരോഗം ബാധിച്ചത് സംബന്ധിച്ച് കൃഷിവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയൊക്കെ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡരി രോഗം തടയുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത രോഗം തടയുന്നതിനുവേണ്ടി എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജില്ലയിൽ എല്ലാ സ്ഥലങ്ങളിലും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 1998-ൽ നടത്തിയ സർവ്വെയുടെ വെളിച്ചത്തിൽ 20 ലക്ഷത്തോളം തെങ്ങുകൾക്ക് മണ്ഡരി കീടബാധയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് പ്രതിരോധമാർഗ്ഗമെന്ന നിലയിൽ 2001 വരെയുള്ള കാലയളവിൽ 7 ലക്ഷത്തോളം തെങ്ങുകൾക്കും, 2003 മുതൽ 2005 ഫെബ്രുവരി വരെയുള്ള കാലയളവിൽ 4,46,286 തെങ്ങുകൾക്കും മരുന്നുതളി നടത്തിയിട്ടുണ്ട്. മരുന്നുതളി ഇപ്പോഴും തുടർന്നു വരികയാണ്.

(സി) വായുവിൽകൂടി വ്യാപിക്കുന്ന കീടബാധ തടയുന്നതിനായി രോഗ ബാധിത തെങ്ങുകളിൽ മരുന്നുതളിക്കുന്നതോടൊപ്പം രോഗമില്ലാത്ത തെങ്ങുകളിലും പ്രതിരോധത്തിനായി മരുന്നു തളിച്ചുവരുന്നുണ്ട്. ഈ വർഷം കൃഷിവകുപ്പുദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കേരളാ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മുഖേനയാണ് മണ്ഡരിക്ക് മരുന്ന് തളിക്കുന്നത്.

പ്ലാന്റേഷൻ വികസനത്തിനായി ടി ബോർഡിൽനിന്നും ലഭിച്ച തുക

68 [3415] ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വികസനത്തിനും പ്ലാന്റേഷൻ പോഷണ വികസനത്തിനും വേണ്ടി സംസ്ഥാനത്തിനുപുറത്തുള്ള ഏതൊക്കെ ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലോൺ വ്യവസ്ഥയിലും മറ്റു വ്യവസ്ഥകളിലും ലഭിച്ച തുകയിൽ എത്ര രൂപ ബാദ്ധ്യതയായി നിലനിൽക്കുന്നുവെന്ന കണക്ക്, ഇനം തിരിച്ച് വെളിപ്പെടുത്താമോ;